LIBRARY ARCHIVES Kerala Legislative Assembly

മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ വനിതാ ജീവനക്കാർക്കുവേണ്ടി പരാതി പരിഹാര സമിതികൾ

175 (2205) ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ വനിതാ ജീവനക്കാർക്കു വേണ്ടി എന്തെങ്കിലും പരാതി പരിഹാര സമിതികൾ നിലവിലുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത സമിതിയുടെ രൂപീകരണം സംബന്ധിച്ചുള്ള ഗവൺമെന്റ് ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത സമിതിയുടെ പരിപൂർണ്ണ നിയന്ത്രണം ആരിലാണ് നിക്ഷിപ്തമായിരിക്കുന്നത് ; പ്രസ്തുത സമിതിയുടെ പേരിൽ വരുന്ന പരാതികൾ സമിതിയെ ക്കൊണ്ടുതന്നെ അന്വേഷിപ്പിക്കാതെ മറ്റു രീതിയിൽ അന്വേഷിപ്പിക്കുന്നതിന് മേലധികാരികൾക്ക് അധികാരമുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ വനിതാ ജീവനക്കാർക്കു വേണ്ടി പരാതി പരിഹാര സമിതി രൂപീകരിച്ചിട്ടുണ്ട്. നിലവിലുള്ള സമിതി രൂപീകരിച്ചത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത സമിതിയുടെ രൂപീകരണം സംബന്ധിച്ച് വ്യവസായ വകുപ്പിൽ നിന്നും പ്രത്യേക ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(സി) പ്രസ്തുത സമിതിയുടെ പരിപൂർണ്ണ നിയന്ത്രണം സമിതിയുടെ ചെയർപേഴ്സണിലാണ് നിക്ഷിപ്തമായിരിക്കുന്നത്. സമിതിയുടെ പേരിൽ വരുന്ന സമിതിയുടെ അന്വേഷണ പരിധിയിൽ വരാത്ത വിഷയങ്ങൾ വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥരെക്കൊണ്ട് അന്വേഷിപ്പിക്കാൻ മേലധികാരിക്ക് വിവേചനാധികാരമുണ്ട്.

ഖാദി, കൈത്തറി ഉല്പന്നങ്ങൾക്ക് വിപണനം വർദ്ധിപ്പിക്കുന്നതിന് നടപടി

176 (2206) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്ക് ആഴ്ചയിൽ ഒരിക്കൽ കൈത്തറി-ഖാദി വസ്ത്രങ്ങൾ നിർബന്ധമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്ലാസ്റ്റിക് ഉല്പന്നങ്ങൾ പൂർണ്ണമായും ഒഴിവാക്കുന്നതിനും ഖാദി-കൈത്തറി ഉല്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പ്രചരണം സംഘടിപ്പിക്കുമോ ?

ഉത്തരം

(എ) 20-7-2009-ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) 957/2009/വ്യവ. പ്രകാരം സർക്കാർ ജീവനക്കാർ ആഴ്ചയിൽ ഒരിക്കൽ കൈത്തറി-ഖാദി വസ്ത്രങ്ങൾ ഉപയോഗിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട പരസ്യനോട്ടീസുകൾ വിവിധ സർക്കാർ ഓഫീസുകളിൽ നൽകിയിട്ടുണ്ട്. ആയതിന്റെ ഫലമായി സർക്കാർ ജീവനക്കാർ കൂടുതലായി ഖാദി/കൈത്തറി വസ്ത്രങ്ങൾ ഉപയോഗിച്ചുവരുന്നു.

(ബി) ഇത്തരം പ്രചരണങ്ങൾ സംഘടിപ്പിച്ചുവരുന്നു. വിവിധ മേളകൾ സംഘടിപ്പിക്കുന്നതിലൂടെ ഖാദി/കൈത്തറി ഉല്പന്നങ്ങളുടെ വിപണന സാദ്ധ്യത വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

കൈത്തറി തുണിനെയ്ത്ത് വ്യവസായം പരിപോഷിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ

177 (2207) ശ്രീ. എം. ഹംസ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കൈത്തറി തുണിനെയ്ത്ത് വ്യവസായം പരിപോഷിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിലാണ് കൈത്തറി വ്യവസായം നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) പാലക്കാട് ജില്ലയിൽ ഏതെല്ലാം കൈത്തറി വ്യവസായ സഹകരണ സംഘങ്ങൾ പൂട്ടിക്കിടക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) അവ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി എന്തെങ്കിലും പ്രത്യേക പാക്കേജ് ഏർപ്പെടുത്തുന്നതിന് ആലോചിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 1. അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് സബ്സിഡി നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly